# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

നമ്പർ. Engg/ 9107/എസ്.എസ്.യു.എസ്/2013 തീയതി 14.02.2017.

## ഇ-ദർഘാസ് പരസ്യം

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല രജിസ്ട്രാർ, കേന്ദ്ര/കേരള പൊതുമരാമത്തു വകുപ്പ്/എം.ഇ.എസ്.ൽ രജിസ്റ്റർ ചെയ്തവരും താഴെ സൂചിപ്പിച്ച വിഭാഗത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് പരിചയസമ്പന്നരും സാമ്പത്തികശേഷിയുള്ളവരുമായ 'എ' ക്ലാസ്സ് കരാറുകാർ/ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന പ്രവൃത്തിയ്ക്ക് മുൻയോഗ്യതാനിർണ്ണയ ത്തിനും പ്രവൃത്തിയ്ക്കും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | : | ഫൈൻ ആർട്ട്സ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണം (സിവിൽ പ്രവൃത്തികൾ) |
| അടങ്കൽ തുക | : | 12,41,05,000/- (പന്ത്രണ്ട് കോടി നാൽപത്തിയൊന്ന് ലക്ഷത്തി അയ്യായിരം രൂപ) |
| പ്രവൃത്തി തീർക്കേണ്ട കാലാവധി | : | 24 മാസം |

**പ്രവൃത്തിവിവരങ്ങൾ**

രണ്ടുനില കെട്ടിട നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയുടെ നിർമ്മാണവും

| | | |
|---|---|---|
| നിരതദ്രവ്യം | : | 5,00,000/- (അഞ്ച് ലക്ഷം രൂപ) |
| ദർഘാസ് പ്രമാണവില | : | 15,758/- രൂപ |
| ദർഘാസ് പ്രമാണങ്ങൾ ഡൗൺലോഡ് ചെയ്യാവുന്ന തീയതി | : | 16.02.2017 മുതൽ |
| ദർഘാസ് പ്രമാണങ്ങൾ ഓൺലൈനായി സമർപ്പിക്കാവുന്ന തീയതി | : | 17.02.2017 മുതൽ 06.03.2017 വൈകുന്നേരം 5 മണി വരെ |
| ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തീയതി | : | 10.03.2017 വൈകീട്ട് 3 മണി |
| അവശ്യരേഖകൾ തപാൽ വഴി സമർപ്പിക്കേണ്ട അവസാനതീയതി | | 09.03.2017 വൈകീട്ട് 3 മണി |
| പ്രീ ബിഡ് മീറ്റിംഗ് | : | 02.03.2017 **രാവിലെ 11 മണിയ്ക്ക്** യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ ഓഫീസിൽ |

## അത്യാവശ്യം കൈവശം വേണ്ട പണിയായുധങ്ങളുടേയും വാഹനങ്ങളുടേയും പട്ടിക.

| | | | |
|---|---|---|---|
| 1. | ലോറി/ടിപ്പർ | : | 3 എണ്ണം |
| 2. | ഹോയിസ്റ്റ് | : | 3 എണ്ണം |
| 3. | സിമന്റ് കോൺക്രീറ്റ് മിക്സർ | : | 3 എണ്ണം |
| 4. | വൈബ്രേറ്റർ | : | 4 എണ്ണം |
| 5. | പമ്പ് | : | 3 എണ്ണം |
| 6. | ജനറേറ്റർ | : | 2 എണ്ണം |
| 7. | സ്കഫോൾഡിംഗ് | : | ആവശ്യമുള്ളത് |
| 8. | ഷട്ടറിംഗ് | : | ആവശ്യമുള്ളത് |

അടങ്കൽ തുകയുടെ നാൽപ്പതുശതമാനത്തിൽ കുറയാത്ത സമാനസ്വഭാവമുള്ള (കെട്ടിടങ്ങളുടെ) ഒറ്റപ്രവൃത്തി കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിലുള്ള ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ ചെയ്തു തീർത്ത് സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കേണ്ടതാണ്. മുൻയോഗ്യതാനിർണ്ണയത്തിന് ആവശ്യം വേണ്ട പ്രധാനപ്പെട്ട രേഖകളുടെ വിവരങ്ങൾ ദർഘാസ് പ്രമാണങ്ങളോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. അതിനുവേണ്ടതായ തെളിവുകളോടൊപ്പം ദർഘാസ് സമർപ്പിക്കേണ്ടതും അല്ലാത്ത പക്ഷം ദർഘാസ് നിരസിക്കുന്നതുമാണ്. നിലവിലുള്ള സാഹചര്യങ്ങളിൽ (സാമ്പത്തികമടക്കം) സമയബന്ധിതമായി മേൽപ്രവൃത്തികൾ പൂർത്തിയാക്കുവാൻ തയ്യാറുള്ള കരാറുകാർ മാത്രം ദർഘാസുകൾ സമർപ്പിക്കേണ്ടതുള്ളൂ.

ഇപ്രകാരം മുൻഗണന നിശ്ചയിച്ച് അംഗീകരിച്ച കരാറുകാരുടേയും സ്ഥാപനങ്ങളുടേയും ദർഘാസുകൾ മാത്രമേ പിന്നീട് തുറന്ന് പരിശോധിക്കുകയുള്ളൂ. യോഗ്യതാ നിർണ്ണയത്തിൽ ഉൾപ്പെടാത്ത കരാറുകാരുടേയും സ്ഥാപനങ്ങളുടേയും ദർഘാസുകൾ തുറക്കാതെ നിരസിക്കുന്നതാണ്. ദർഘാസ് തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതുഅവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം ദർഘാസുകൾ തുറക്കുന്നതായിരിക്കും. പ്രവൃത്തിയ്ക്കുവേണ്ടിയുള്ള മുൻയോഗ്യതാഫോറത്തോടൊപ്പം 200/- രൂപയുടെ മുദ്രക്കടലാസിൽ എഴുതിയൊപ്പിട്ട പ്രാഥമിക ഉടമ്പടിയും ഉണ്ടായിരിക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ പ്രവൃത്തിയ്ക്കാവശ്യമായ ഉടമ്പടി ഒപ്പ് വയ്ക്കുമ്പോൾ ഉടമ്പടിതുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി സമർപ്പിക്കേണ്ടതാണ്. ഈ തുകയുടെ 50% ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റായിരിക്കണം.

യോഗ്യത നിർണ്ണയിച്ച കരാറുകാരുടെ/സ്ഥാപനങ്ങളുടെ ദർഘാസുകൾ തുറക്കുന്ന സമയവും തീയതിയും ബന്ധപ്പെട്ടവരെ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും. 19.08.1997ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ(പി)84/97/പി.ഡബ്ലിയു.ഡി.ആൻഡ് ടി-ഇൽ പറയുന്ന എല്ലാ നിബന്ധനകളും ദർഘാസ് പരിഗണിക്കുന്നതിനുള്ള മറ്റ് അനുബന്ധ നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിനുള്ള അവകാശവും താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
രജിസ്ട്രാർ
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

**പകർപ്പ് :**

1. **പി.ആർ.ഒ**
2. **സർവ്വകലാശാല വെബ്സൈറ്റ്**
3. **സ്റ്റോക്ക് ഫയൽ, ഫയൽ കോപ്പി.**